# നിന്നെ ഞാൻ സ്നേഹിക്കുന്നു

നിന്നെ ഞാൻ സ്നേഹിക്കുന്നു
അറിയാൻ കഴിയാത്തവളെ
സ്വന്തമാക്കാൻ സാധിക്കാത്തവളെ
നിന്നെ ഞാൻ സ്നേഹിക്കുന്നു.
വേദന തികട്ടിവരുന്ന ഇന്നലെയാണെനിക്ക് നീ
ഉദ്വേഗം നിറഞ്ഞ ഇന്ന് –
ഇരുട്ടിൽ കിടക്കുന്ന നാളെ –
നിന്നെ ഞാൻ സ്നേഹിക്കുന്നു.
ജീവിതം പോലെ അഭികാമ്യയാണ് നീ
മരണം പോലെ ആകർഷകയാണ് നീ
വിദൂരപർവ്വതരേഖ പോലെ അപ്രാപ്യയാണ് നീ
സാന്ധ്യമേഘം പോലെ നിറം പകരുന്നവൾ
നിന്നെ ഞാൻ സ്നേഹിക്കുന്നു.
നീ വരുന്നതിനു മുമ്പ്
ആമയായിരുന്നു ഞാൻ
അംഗങ്ങൾ ഉൾവലിക്കുന്ന ആമ.
മുറിപ്പെട്ടാലോ എന്ന് ഭയന്ന് ഞാൻ കാൽ അനക്കിയില്ല.
വേദന കാണരുതെന്നു വച്ചു ഞാൻ കണ്ണടച്ചു.
ആർത്തനാദം കേൾക്കാതിരിക്കാൻ
ഞാൻ ചെവി പൊത്തിപ്പിടിച്ചു...
കണ്ണും ചെവിയും അടച്ച് നിന്നേടത്ത് അനങ്ങാതെ
നിൽക്കുമ്പോൾ
എന്റെ മേൽ പ്രഹരങ്ങൾ തെരുതെരെ വന്നു വീണു –
പ്രകൃതിയുടെ ദയയില്ലാത്ത ആഘാതങ്ങൾ
വേദന കൊണ്ട് പിടയ്ക്കുമ്പോൾ –
മുറിവുകളിൽ നിന്നു രക്തം വാർന്നൊലിക്കുമ്പോൾ –
ചുണ്ടു കടിച്ചമർത്തി തലയുയർത്തിപ്പിടിച്ച് ഞാൻ നിന്നു.
വിരക്തിയുടെ പടച്ചട്ടയിട്ടു വലിച്ചു മുറുക്കി.
നിസ്സംഗതയുടെ മൂടൽമഞ്ഞ് പോലത്തെ മൂടുപടം തലവഴി
ഇട്ട് മൂടി
ആമയായിരുന്നു ഞാൻ.
ബാഹ്യലോകത്തുനിന്ന്
അവയവങ്ങളെ ഉള്ളിലേക്കു വലിക്കുന്ന ആമ...
ഹൃദയം കട്ടിപിടിച്ച് മരവിച്ചു തുടങ്ങിയപ്പോൾ
അവിടെ ഇനി ചലനമൊന്നുമുണ്ടാവില്ലെന്നു വിചാരിച്ചപ്പോൾ
നീ മുമ്പിൽ വന്നു.
മണ്ണിൽ തൊട്ടു നിൽക്കുന്ന മാനത്തിന്റെ ഓമനമഴവില്ല്!
കവിത പോലെ മനോഹാരിണി.
പ്രേമഗാനം പോലെ ഹൃദയസ്പർശിനി.
നിന്നെ ഞാൻ സ്നേഹിക്കുന്നു.
നിന്റെ അസുലഭമായ പുഞ്ചിരിയിൽ –
ഉണങ്ങി മരുഭൂമിയായിരുന്നിടത്ത് നീർ വീണു.
മുരടിച്ചു പോയിരുന്നത് വീണ്ടും തളിരിട്ടു.
ലോകം പുതിയതായി കണ്ടു ഞാൻ
വിരക്തിയുടെ ഏങ്കോണിച്ച ചില്ലിലൂടെയല്ല.
നിസ്സംഗതയുടെ വഴുതിവീഴുന്ന മറയിലൂടെയല്ല.
നഗ്നമായി
സുന്ദരമായി
നിന്നെ ഞാൻ സ്നേഹിക്കുന്നു.
ഭൂമിയിൽ കാലുറപ്പിച്ച് ചവിട്ടാൻ നീ എന്നെ പഠിപ്പിച്ചു.
ചെളിയാകുമെന്നു വച്ച് നടക്കാതെ ഇരിക്കുകയായിരുന്നു ഞാൻ.
ഈ മണ്ണിനഴകുണ്ടെന്ന് –
അതിലെ വൃത്തികേടുകൾ കണ്ണീരിന്റെ
തെളിനീരിൽ കഴുകിപ്പോകാനുള്ളതേയുള്ളൂ എന്ന്
നീ എന്നെ പഠിപ്പിച്ചു.
വാക്കുകൾ കൊണ്ടല്ല
നിന്റെ ഉജ്ജ്വല സത്തയിൽക്കൂടി.
നിന്നെ ഞാൻ സ്നേഹിക്കുന്നു.
ജീവിതത്തിൽ കവിത കലർത്തിയവളെ
ഹൃദയത്തിൽ ഗാനം പകർത്തിയവളെ
നിന്നെ ഞാൻ സ്നേഹിക്കുന്നു.
സർവ്വംസഹയായ അമ്മയല്ല നീ.
വിഭ്രമിപ്പിക്കുന്ന കാമിനിയാണ് നീ
ജീവൻ പോലെ ചൈതന്യവതി
വാസന്തഭംഗി പോലെ വിമോഹിനി.
നിന്നെ ഞാൻ സ്നേഹിക്കുന്നു.
എനിക്ക് കൈയ്യെത്താത്ത ദൂരം നീ പൊയ്ക്കഴിഞ്ഞു.
മറ്റൊരാൾക്ക് അവകാശപ്പെട്ടതായിക്കഴിഞ്ഞു നീ.
ബോധപൂർവ്വം
എന്നെ നീ വേദനയിലേയ്ക്കെറിഞ്ഞു.
നിന്നെ ഞാൻ സ്നേഹിക്കുന്നു.
ഈ കണ്ണുനീരിന് ഉപ്പുരസമുണ്ട്.
ജീവിതത്തിന്റെ ഉപ്പുരസം.
എന്നെ വേദനിപ്പിച്ചവളെ
എന്റെ ഹൃദയം മുറിപ്പെടുത്തിയവളെ
നിന്നെ ഞാൻ സ്നേഹിക്കുന്നു.